# പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാര്‍ത്ഥികള്‍ക്ക് 20 ഉപദേശങ്ങള്‍

﴿عشرون نصيحة للطلاب في الاختبارات﴾

[മലയാളം - Malayalam - مليالم]


ശൈഖ് മുഹമ്മദ് സ്വാലിഹ് അല്‍ മുനജ്ജിദ്

إعداد : محمد صالح المنجد

സുമയ്യ മനാഫ്

ترجمة: سمية مناف

എഡിറ്റര്‍: ഉദിനൂര്‍ മുഹമ്മദ് കുഞ്ഞി

مراجعة: محمد كنهي حميد



കോപറേറ്റീവ് ഓഫീസ് ഫോര്‍ കാള്‍ & ഗൈഡന്‍സ്

റബ്‌വ - റിയാദ് - സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

islamhouse.com

1430 - 2009

بِسْمِ اللهِّ الرَّحمَنِ الرَّحِيم

അല്ലാഹുവിന്നാകുന്നു സർവ്വ സ്തുതികളും. നബി യിലും സച്ചരിതരായ അനുചരന്മാരിലും കുടുംബത്തി ലും സർവ്വശക്തൻ അനുഗ്രഹവും കാരുണ്യവും വർ ഷി ക്കട്ടെ.

വിശ്വാസിയായ വിദ്യാർത്ഥി തന്റെ ഒരോ പരീക്ഷണ ങ്ങളും അല്ലാഹുവിൽ ഭരമേൽപിച്ച് നേരിടുന്നു. അല്ലാ ഹുവിനോടുള്ള പ്രാർത്ഥന നിരന്തരമായി നിർവ്വഹിച്ചു പ്രവാചക കൽപനക്കനുസൃതമായി അവൻ നിർവ്വഹി ക്കുന്നു. "അർപ്പണ ബോധമുള്ള വിശ്വാസിയേയാണ് ദുർബലനായ വിശ്വാസിയേക്കാൾ അല്ലാഹുവിന് പ്രിയം. അവർ രണ്ടു പേരിലും നന്മയുണ്ടങ്കിലും, അല്ലാ ഹുവിന്റെ പ്രീതി സമ്പാദനത്തിനായി പ്രവർത്തിക്കു കയും അവനോട് സഹായത്തിനിരക്കുകയും ചെയ്യുക. ഒരിക്കലും നിസ്സഹായത അനുഭവിക്കാതിരിക്കുക" (സ ഹീഹുൽ ബുഖാരി. ഹദീസ് 2664)

അവരിൽ താഴെ പറയുന്നവ കാണപ്പെടുന്നു.

1. യാതൊരു കൃത്യനിർവ്വഹണത്തിനു മുമ്പും അല്ലാഹു വിന് മുമ്പിൽ ഒരുമാത്ര, നിർദ്ദേശിക്കപ്പെട്ട ഏതെ ങ്കിലും രീതിയിൽ പ്രാർത്ഥനാഭരിതനാവുക. അഭി കാമ്യമായ ഒരു പ്രാർത്ഥനയിതാ....

(... رَبِّ اشْرَحْ لِي صَدْرِي * وَيَسِّرْ لِي أَمْرِي * وَاحْلُلْ عُقْدَةً مِنْ لِسَانِي * يَفْقَهُوا قَوْلِي*....) سورة طه25 – 28)

***"റബ്ബി ശ്റഹ് ലീ സ്വദ്രീ വ യസ്സിർ ലീ അംരീ"***
**(നാഥാ നീ എന്റെ ഹൃദയത്തെ വിശാലമാക്കുകയും,**

**കാര്യങ്ങൾ എന്റെ വഴിയിൽ ലളിതമാക്കുകയും ചെയ്യേണമേ)**

2. നേരത്തെ ഉറക്കത്തെ പുൽകുക. പരീക്ഷക്കൾക്ക് കൃത്യ സമയത്ത് പുറപ്പെടുക.

3. ആവശ്യമായതും അനുവദിക്കപ്പെട്ടതുമായ എല്ലാ ഉപകരണങ്ങളും – പേന, ഗണിതോപകരണങ്ങൾ, കാൽക്കുലേറ്ററുകൾ, വാച്ച് എന്നിവ നിങ്ങളുടെ ബാഗിൽ നേരത്തെ സൂക്ഷിക്കുക. നന്നായി തയ്യാറായി എന്ന ധാരണ തന്നെ ഉത്തരങ്ങൾ എളുപ്പമാക്കും.

4. വീട്ടിൽ നിന്നും പുറത്തിറങ്ങുമ്പോഴുള്ള പ്രാർത്ഥന ചൊല്ലുക:
   ***"ബിസ്മില്ലാഹി തവക്കൽത്തു അലല്ലാഹ്, വലാ ഹൗല വ ലാ കുവ്വത്ത ഇല്ലാ ബില്ലാഹ്, അല്ലാഹുമ്മ ഇന്നീ അഊദു ബിക്ക അൻ അളില്ല ഔ ഉളില്ല ഔ അസില്ല ഔ ഉസില്ല ഔ അള്ലിമ ഔ ഉള്ലിമ ഔ അജ്ഹല ഔ ഉജ്ഹല അലയ്യ"*** **(അല്ലാഹുവിന്റെ നാമത്തിൽ, ഞാൻ അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നു, അല്ലാഹുവിനെ കൂടാതെ യാതൊരു ശക്തിയോ കഴിവോ ഇല്ല. അല്ലാഹുവേ, തീർച്ചയായും ഞാൻ നിന്നോട് രക്ഷതേടുന്നു. ഞാൻ വഴിതെറ്റിപ്പോകുന്നതിൽ നിന്ന്, അല്ലങ്കിൽ വഴി തെറ്റിക്കപ്പെടുന്നതിൻ നിന്ന്, അല്ലങ്കിൽ ഞാൻ ഇടറിപ്പോകുന്നതിൽ നിന്ന്, അല്ലങ്കിൽ എനിക്ക് ഇടർച്ച പറ്റിപ്പോകുന്നതിൽ നിന്ന്, അല്ലങ്കിൽ ഞാൻ അക്രമം ചെയ്യുന്നതിൽ നിന്ന്, അല്ലെങ്കിൽ അക്രമിക്കപ്പെടുന്നതിൽ നിന്നും, അല്ലങ്കിൽ ഞാൻ അജ്ഞത കാമിക്കുന്നതിൽ നിന്ന്, അല്ലെങ്കിൽ എന്നോട്(മറ്റുള്ളവർ) അജ്ഞ കാണിക്കുന്നതിൽ നിന്ന്.**

   വീട്ടിൽ നിന്നും പുറത്തിറങ്ങുന്നതിന്ന് തൊട്ട് മുമ്പ് മാതാപിതാക്കളോടും ഗുരുവര്യരോടും പ്രാർത്ഥന

ചെയ്യുന്നതിന്നായി അഭ്യർത്ഥിക്കാൻ മറക്കാതിരിക്കുക.

5. പ്രാരംഭം അല്ലാഹുവിന്റെ നാമത്തിലായിരിക്കണം. ഈ തുടക്കം അനുവദിക്കപ്പെട്ട എത് കാര്യത്തിലും നിങ്ങൾക്ക് എളുപ്പവും ലളിതവുമാക്കിത്തരുന്നു.

6. നിങ്ങളുടെ സഹപാഠികളെ തൊട്ട് അല്ലാഹുവിനെ ഭയക്കുക. ഉത്കണ്ഠ ഒരു പകർച്ച രോഗമാണന്നിരിക്കെ അവരുടെ ഉത്കണ്ഠയും ഭയവും നിങ്ങളെ ബാധിക്കാതിരിക്കണം, തത്സമയം ഇസ്‌ലാം നിർദ്ദേശിച്ചതുപോലുള്ള നല്ലവാക്കുകൾ കൊണ്ട് അവരെ ശുഭാപ്തി വിശ്വാസമുള്ളവരാക്കുകയും ചെയ്യുക. സുഹൈൽ (എളുപ്പം എന്നർത്ഥം) എന്ന പേര് കേട്ടാൽ പ്രവാചകൻ (അദ്ദേഹത്തിന്റെ മേൽ ആല്ലാഹുവിന്റെ സമാധാനമുണ്ടാവട്ടെ) ആത്മവിശ്വാസമുള്ളവനാകുമായിരുന്നു. അദ്ദേഹം പറഞ്ഞു "എല്ലാ കാര്യങ്ങളും നിങ്ങൾക്ക് സുഗമമാക്കപ്പെട്ടിരിക്കുന്നു" അദ്ദേഹം പുറത്ത് പോകുമ്പോഴല്ലാം **'യാ റാഷിദ്'**, എന്ന വാക്കുകൾ കേൾക്കാൻ ഇഷ്ടപ്പെട്ടിരുന്നു. അതുകൊണ്ട് നീയും നിന്റെ സഹോദരൻമാരും പരീക്ഷയിൽ വിജയിക്കും എന്ന് ആത്മവിശ്വാസം കൊള്ളുക.

7. അല്ലാഹുവിനെ സ്മരിക്കുന്നത് (ദിക്ർ) നിങ്ങളുടെ ആധികളെ അകറ്റും. പ്രയാസമേറിയ ചോദ്യങ്ങൾ വരുമ്പോൾ അത് എളുപ്പമാക്കിത്തരുവാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുക. പ്രയാസമേറിയ സന്ദർഭങ്ങളെ അതിജീവിക്കാൻ ഷൈഖുൽ ഇസ്‌ലാം ഇബ്നു തൈ മിയ്യ (അല്ലാഹു അദ്ദേഹത്തെ തൃപ്തിപ്പെടട്ടെ) ഇങ്ങിനെ ഉരുവിടു മായിരുന്നു. 'എന്റെ നാഥാ. നീ ഇബ്രാ ഹീമിനെ പഠിപ്പിച്ചു, എന്നെയും സജ്ജമാക്കൂ, സുലൈമാൻ നബിക്ക് മനസ്സിലാക്കി കൊടുത്തവനേ എനിക്കും മനസ്സിലാക്കി തരേണമേ'.

8. ഇരിപ്പിടങ്ങളെ ശ്രദ്ധാപൂർവ്വം തിരഞ്ഞെടുക്കുക. ഇരിപ്പിടത്തിൽ ആരോഗ്യകരമായ രീതിയിൽ നിവർന്നിരിക്കുക.

9. ചോദ്യപേപ്പർ ഒരാവർത്തി വായിച്ച് മനസ്സിലാക്കുക. പല പഠനങ്ങളും അഭിപ്രായപ്പെടുന്നത് പരീക്ഷയുടെ 10% സമയം ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കാനും പ്രധാനപ്പെട്ട വാക്കുകൾ കുറിച്ച് വെക്കാനും ചോദ്യങ്ങൾക്ക് നൽകേണ്ട സമയങ്ങൾ വിഭജിക്കാനുമായി മാറ്റി വെക്കണമെന്നാണ്.

10. ലളിതമായവ തരണം ചെയ്ത ശേഷം ഗഹനമായ ചോദ്യങ്ങളിലേക്ക് കടക്കുന്നതാണ് ഉചിതം. തത്സമയ വായന നിങ്ങളെ പ്രധാന ഉത്തരങ്ങൾ ഉണർത്തുന്നതിന് സഹായിക്കും.

11. പ്രധാനപ്പെട്ട ചോദ്യങ്ങൾക്ക് ആദ്യം ഉത്തരമെഴുതുക.

12. ഉത്തരം അറിയുന്നതും ലളിതവുമായ ചോദ്യങ്ങളിൽ നിന്നും ആരംഭിക്കുക. തുടർന്ന് കൂടുതൽ മാർക്ക് വഹിക്കുന്ന ചോദ്യങ്ങളിലേക്ക് കടക്കുക. ഉത്തരം അറിയാത്തവയും കൂടുതൽ സമയം വേണ്ടിവരുമെന്ന് തോന്നുന്നവയും വേണ്ടത്ര മാർക്ക് ലഭിക്കാൻ സാധ്യത ഇല്ലാത്തവയും അവസാനത്തേക്ക് മാറ്റിവെക്കുക.

13. ഒറ്റവായനയിൽ ഉത്തരം നൽകാതിരിക്കുക. മനസ്സിരുത്തി ചോദ്യങ്ങളിലൂടെ പോവുക. പ്രവാചകൻ (അദ്ദേഹത്തിന്റെ മേൽ അല്ലാഹുവിന്റെ സമാധാനമുണ്ടാവട്ടെ) പറഞ്ഞു: 'ശ്രദ്ധ അല്ലാഹുവിങ്കൽ നിന്നും ധൃതി പിശാചിൽ നിന്നുമാണ്' (സഹീഹുൽ ജാമിഇ 3011).

14. ഉത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതാനുള്ളവ വിശകലനത്തിന് വിധേയമാക്കിയ ശേഷം മാത്രം എഴുതുക. താഴെ പറയുന്ന രീതിയിൽ അവ കൈകാര്യം

ചെയ്യുക. നിങ്ങൾ തിരഞ്ഞെടുത്തത് ശരിയാണെന്ന് ഉറപ്പാണെങ്കിൽ അതിൽ അധിശങ്കകൾ (പിശാചിന്റെ ദുർമന്ത്രം) ഒഴിവാക്കുക. സംശയമുളവാക്കുന്ന ഉത്തരങ്ങളിൽ കാര്യകാരണ ശേഷി ഉപയോഗിച്ച് തീരുമാനത്തിലെത്തുക. മൈനസ് മാർക്ക് വരുന്ന ചോദ്യങ്ങൾക്ക് സംശയങ്ങൾക്കതീതമായി മാത്രം ഉത്തരം നൽകുക. ഒരു വിദ്യാർത്ഥി ആദ്യം ചിന്തിക്കുന്നതായിരിക്കും മിക്കവാറും ശരിയായ ഉത്തരമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.

15. എഴുത്തു പരീക്ഷകളിൽ, ആരംഭിക്കുന്നതിനു മുമ്പായി ചിന്തകൾ ഒരുമിച്ചു കൂട്ടുക. ചുരുങ്ങിയ വാക്കുകളിൽ നിങ്ങളുടെ ഉത്തരത്തിൽ നിങ്ങൾ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്ന വിഷയങ്ങളുടെ ലഘുരൂപം എഴുതിയതിനു ശേഷം ഓരോന്നും ക്രമത്തിൽ അവതരിപ്പിക്കുക.

16. പ്രധാനപ്പെട്ട പോയിന്റുകൾ വരിയുടെ തുടക്കത്തിൽ തന്നെ എഴുതുക. കാരണം, മൂല്യനിർണ്ണയം നടത്തുമ്പോൾ ഇത് ആദ്യം തന്നെ കാണപ്പെടാൻ കാരണമായിത്തീരും, മാത്രവുമല്ല, അത് മധ്യത്തിലാണെങ്കിൽ ധൃതികാരണം ശ്രദ്ധിക്കപ്പെടാതെ പോകാനും സാധ്യതയുണ്ട്.

17. ആകെ സമയത്തിന്റെ 10% മെങ്കിലും പുനരവലോകനത്തിനായി നീക്കി വെക്കണം. പ്രത്യേകിച്ച് ഗണിത വിഷയങ്ങളിലും ക്രമനമ്പർ എഴുതുന്നതിലും. ഉത്തരക്കടലാസുകൾ എത്രയും വേഗം കൈമാറാനുള്ള ത്വര നന്നല്ല. വളരെ നേരത്തെ ഉത്തരപേപ്പർ കൈമാറുന്ന ആളുകൾ നിങ്ങളെ ആശയക്കുഴപ്പത്തിലാക്കാൻ സാധ്യതയുണ്ട്.

18. ഒരു പരീക്ഷക്ക് ശേഷം താൻ നൽകിയ ഏതെങ്കിലുമൊരു ഉത്തരം തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ, അത് ഭാവിയിൽ പൂർണ്ണമായി തയ്യാറാവേണ്ടതിന്റേയും ധൃതിയിൽ ഉത്തരമെഴുതാതിരിക്കാനുമു

ള്ള ഒരു പാഠമായിട്ട് എടുക്കുക. അല്ലാഹുവിന്റെ വിധി സ്വീകരിക്കുകയും നിരാശക്കും പരാജയ ബോധത്തിന്നും അടിമപ്പെടാതിരിക്കുകയും ചെയ്യു ക. പ്രവാചകന്‍ (അദ്ദേഹത്തിന്റെ മേല്‍ ആല്ലാഹു വിന്റെ സമാധാനമുണ്ടാവട്ടെ) പറഞ്ഞു: “നിങ്ങള്‍ ക്ക് വല്ല വിപത്തും സംഭവിച്ചാല്‍, ഞാന്‍ അങ്ങിനെ ചെയ്തെങ്കില്‍ എത്ര നന്നായിരുന്നു എന്നു പറയരു ത്. പക്ഷെ നിങ്ങള്‍ പറയുക,‘ഖദറുല്ലാഹ വമാ ശാഅ’

**(അല്ലാഹുവിന്റെ വിധിയും അവന്‍ ഉദ്ദേശിച്ചതും സംഭവിക്കുന്നു)’, ‘ആയെങ്കില്‍’ എന്നു പറയുന്നത് പിശാചിനുള്ള വാതിലാണ് തുറക്കുന്നത്”. (സ്വഹീ ഹ് മുസ്‌ലിം, ഈ ഹദീസിന്റെ ആദ്യ ഭാഗം ആദ്യം ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്).**

19 കൃത്രിമ മാര്‍ഗങ്ങള്‍ നിഷിദ്ധമാണെന്ന് മനസ്സിലാക്കു ക. അത് വിദേശ ഭാഷാ പരീക്ഷകളിലോ മറ്റ് ഏത് പരീക്ഷകളിലാണെങ്കിലും. പ്രവാചകന്‍ (അദ്ദേഹ ത്തിന്റെ മേല്‍ ആല്ലാഹുവിന്റെ സമാധാനമുണ്ടാവ ട്ടെ) പറഞ്ഞു: **“കൃത്രിമം കാണിക്കുന്നവന്‍ നമ്മില്‍ പെട്ടവനല്ല”.** അത്തരത്തില്‍ ബിരുദങ്ങളോ സര്‍ട്ടി ഫിക്കറ്റുകളോ നേടിയെടുക്കുന്നത് കുറ്റകരമായ കാര്യമാകുന്നു. തെറ്റ് ചെയ്യാന്‍ സഹായിക്കുന്നതും കുറ്റമാണ്. അതുകൊണ്ട് കാര്യങ്ങള്‍ ഹറാമല്ലാത്ത രീതിയില്‍ ചെയ്യുക, അല്ലാഹു നിങ്ങളെ സംരക്ഷി ക്കും. മറ്റുള്ളവരില്‍ നിന്നുള്ള നിഷിദ്ധമായ എല്ലാ വാഗ്ദാനങ്ങളും നിരസിക്കുക. അല്ലാഹുവിന്റെ മാര്‍ഗ്ഗത്തില്‍ സഹിച്ചാല്‍ അവന്‍ ഉചിതമായ രീതി യില്‍ തിരിച്ചു നല്‍കും. തിന്‍മകളെ നീ എതിര്‍ക്കു കയും തടുക്കുകയും ചെയ്യുക. സൂചിപ്പിക്കപ്പെ ടേണ്ട കാര്യങ്ങള്‍ വല്ലതും പരീക്ഷക്കിടക്ക് സംഭവി ച്ചാല്‍ ബന്ധപ്പെട്ടവരെ അറിയിക്കുക. ഇത് ഒരു

തെറ്റായ കാര്യമല്ല എന്നു മാത്രമല്ല ഒരു കടമ കൂടിയാണ്.

ചോദ്യങ്ങൾ വാങ്ങുകയും വിൽക്കുകയും ഇൻറർനെറ്റിൽ അവ പോസ്റ്റ് ചെയ്യുകയും ചെയ്യുന്നവരെയും കള്ളക്കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നവരെയും ഉപദേശിക്കുക. അവരോട് അല്ലാഹുവിനെ സൂക്ഷിക്കാൻ പറയുക. അങ്ങിനെ അവർ സമ്പാദിക്കുന്ന ധനത്തിന്റെ വിധി അവർക്ക് പറഞ്ഞു കൊടുക്കുക. ഇതിനായി അവർ ചിലവഴിക്കുന്ന സമയം അവർ പഠിക്കാനും മുൻചോദ്യങ്ങൾ വിലയിരുത്തുവാനും പരീക്ഷക്കു മുമ്പ് മറ്റുള്ളവരെ പഠനത്തിന് സഹായിക്കാനുമായി ചിലവഴിച്ചാൽ, ഹറാമായ കാര്യങ്ങൾ ചെയ്യുന്നതിനേക്കാൾ ഉത്തമമാണന്ന് ഉത്ബോധിപ്പിക്കുക.

20 ഓർക്കുക, നാളെയിലേക്കും വിചാരണയുടെ ദിനത്തിലേക്കും ഖബറിലെ ചോദ്യങ്ങളിലേക്കും പുനരുത്ഥാന നാളിലേക്കുമായി എന്താണ് നിങ്ങൾ തയ്യാറാക്കി വെച്ചിട്ടുള്ളത്? തീർച്ചയായും നരകത്തിൽ നിന്നും രക്ഷപ്പെടുകയും സ്വർഗത്തിൽ പ്രവേശിക്കപ്പെടുകയും ചെയ്തവൻ തന്നെയാണ് വിജയി.

അല്ലാഹുവോട് നിരന്തരം കേഴുക, ഈ ലോകത്തും പരലോകത്തും വിജയം വരിക്കുന്നവരിൽ നമ്മെയും ഉൾപ്പെടുത്താൻ. കാരണം അവനത്രെ സർവ്വ കാര്യങ്ങളും കേൾക്കുന്നവനും ഉത്തരം നൽകുന്നവനും.

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين.

***************